"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആഭ്യന്തര വകുപ്പ് - പോലീസ് ജീവനക്കാര്യം - അമ്പലപ്പുഴ PS-ലെ CPO 7635 ശ്രീ.അനന്തു എസ്. മെഡിക്കൽ അവധിയിലായിരുന്ന കാലയളവ് പ്രത്യേക അവശതാവധിയായി ക്രമീകരിച്ച് നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആഭ്യന്തര(പി)വകുപ്പ്**

സ.ഉ.(സാധാ) നം.2464/2026/HOME തീയതി,തിരുവനന്തപുരം, 25-07-2026

---

പരാമർശം:- 1. 24/08/2017-ലെ സ.ഉ(പി)നം.112/2017/ധനം

2. സംസ്ഥാന പോലീസ് മേധാവിയുടെ 29/06/2026-ലെ ഇ5-94644/2026/PHQ നം. കത്ത്

**ഉത്തരവ്**

അമ്പലപ്പുഴ PS-ലെ CPO 7635 ശ്രീ.അനന്തു എസ്., 16/12/2025-ന് ഡ്യൂട്ടിക്കായി സ്റ്റേഷനിലേക്ക് വരുന്ന വഴി വാഹനാപകടമുണ്ടായി പരിക്കുപറ്റി ചികിത്സയിലായിരുന്ന 16/12/2025 മുതൽ 20/01/2026 വരെയുള്ള കാലയളവ് പ്രത്യേക അവശതാവധിയായി ക്രമീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയും, സംസ്ഥാന പോലീസ് മേധാവി ആയത് പരാമർശം(2)പ്രകാരം ശിപാർശ ചെയ്ത് സർക്കാരിൽ ലഭ്യമാക്കുകയുമുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ.അനന്തു എസ്.-ന് സംഭവിച്ച പരിക്ക് ഔദ്യോഗിക കൃത്യനിർവ്വഹണത്തിന്റെ ഭാഗമായി ഉണ്ടായതാണെന്ന് ജില്ലാ പോലീസ് മേധാവി, ആലപ്പുഴ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ടിയാൻ പ്രസ്തുത അവധിക്ക് ശേഷം 21/01/2026-ൽ തിരികെ ജോലിയിൽ പ്രവേശിച്ചിട്ടുണ്ടെന്ന് ജില്ലാ പോലീസ് മേധാവി, ആലപ്പുഴ വ്യക്തമാക്കിയിട്ടുമുണ്ട്. ഈ സാഹചര്യത്തിൽ അമ്പലപ്പുഴ PS-ലെ CPO 7635 ശ്രീ.അനന്തു എസ്.-ന് ഔദ്യോഗിക കൃത്യനിർവ്വഹണത്തിന്റെ ഭാഗമായി സംഭവിച്ച അപകടത്തെ തുടർന്ന് ടിയാൻ മെഡിക്കൽ അവധിയിലായിരുന്ന 16/12/2025 മുതൽ 20/01/2026 വരെയുള്ള കാലയളവ് കെഎസ്ആർ ഭാഗം 1 ചട്ടം 98 പ്രകാരം പ്രത്യേക അവശതാവധിയായി ക്രമീകരിച്ച് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUNITHA S GEORGE
ഡെപ്യൂട്ടി സെക്രട്ടറി

സംസ്ഥാന പോലീസ് മേധാവി, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്)തിരുവനന്തപുരം
ശ്രീ.അനന്തു എസ്.,CPO 7635(സംസ്ഥാന പോലീസ് മേധാവി മുഖേന)
വിവരപൊതുജന സമ്പർക്ക(വെബ്&ന്യൂ മീഡിയ)വകുപ്പ്

കരുതൽ ശേഖരം/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Digitally signed by
Annlet Rose S
Date: 25-07-2026
12:30:44

സെക്ഷൻ ഓഫീസർ